## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6002 — 10.07.2012 ൽ മറുപടിയ്ക്ക്

### വൈക്കം നിയോജക മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

**ചോദ്യം**

ശ്രീ.കെ. അജിത്

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2011-12 വർഷം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

എ) 2011-12 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ലഭ്യമാക്കിയ ശരാശരി തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | 2011-12 വർഷം സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|
| ചെമ്പ് | 125949 |
| മറവൻതുരുത്ത് | 137504 |
| തലയാഴം | 122983 |
| ടി.വി.പുരം | 123169 |
| ഉദയനാപുരം | 183820 |
| വെച്ചൂർ | 90277 |

ബി) തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിൽ കോട്ടയം ജില്ലയിൽ എത്ര ശതമാനം വിജയം കൈവരിച്ചു; വ്യക്തമാക്കുമോ;

ബി) ആവശ്യാധിഷ്ഠിത പദ്ധതിയാകയാൽ ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകുകയാണ് ചെയ്യുന്നത്. 2011-12 സാമ്പത്തിക വർഷത്തിൽ കോട്ടയം ജില്ലക്ക് ആകെ ലഭ്യമായ 5420.97 ലക്ഷം രൂപയിൽ 4787.68 ലക്ഷം ചെലവഴിച്ചിട്ടുണ്ട്.

സി) കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സൃഷ്ടിച്ച പഞ്ചായത്ത് ഏതാണ്; വ്യക്തമാക്കുമോ ?

സി) ഉദയനാപുരം

സെക്ഷൻ ഓഫീസർ